# PROFILE

| | | |
|---|---|---|
| Name of School | : | St. Michael's L.P.S, Neendoor |
| Panchayath | : | Neendoor |
| Ward No | : | 15 |
| CRC | : | Ettumanoor. |
| Block | : | Ettumanoor. |
| Sub-district | : | Ettumanoor. |
| BRC | : | Ettumanoor |
| District | : | Kottayam |
| Name of H.M | : | Smt. Mercy. K. C |
| Mob | : | 944798949 4. |

# ആമുഖം

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന ലക്ഷ്യത്തിലൂന്നിയുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്തി കുട്ടികളെയും സമൂഹത്തെയും വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കുക, പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും കുട്ടികളുടെ സൃഷ്ടിപരവും സർഗ്ഗപരവുമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള സമഗ്രവികസനമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത്. ഇങ്ങനെ ഒരു സ്ഥാപനത്തിലെ എല്ലാ കുട്ടികളുടെയും അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സുപ്രധാന ഭാഗമാണ്. P.T.A, S.M.C, പഞ്ചായത്ത്, പൂർവ്വവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടെ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിച്ച് നല്ല വിദ്യാഭ്യാസം നൽകി അവരെ ഉത്തമപൗരൻമാരായി വാർത്തെടുക്കുവാൻ ഈ പദ്ധതിയ്ക്ക് കഴിയണം.

P.T.A യുടെ നല്ല സഹകരണം ലഭിക്കാറുണ്ട്

## Clubs

Science, social science, mathematics, health, eco club തുടങ്ങിയ club കൾ പ്രവർത്തിക്കുന്നു. ഓരോ അധ്യാപികമാർക്കും ഓരോ ക്ലബ്ബിന്റെ ചുമതല നൽകിയിരിക്കുന്നു. ഈ അധ്യാപകർ അവരുടെ ക്ലബ്ബുകളിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. ദിനാചരണങ്ങളിൽ പ്രസംഗങ്ങൾ, Quiz, Poster നിർമ്മാണം ഇവ നടത്തുന്നു. ആഴ്ചയിൽ 3 ദിവസം അസംബ്ലി നടത്തുന്നു. ഔഷധ, പച്ചക്കറി, പൂന്തോട്ടങ്ങൾ നനയ്ക്കുന്നത് ഈ ക്ലബുകളുടെ നേതൃത്വത്തിലാണ്.

## സാമൂഹ്യപങ്കാളിത്തം.

നല്ലൊരു ജനതയെ വാർത്തെടുത്ത് സാമൂഹിക ഉന്നമനത്തിന് തയ്യാറാക്കുന്ന ചുമതലയാണ് ഒരു വിദ്യാലയത്തിനുള്ളത്. സമൂഹത്തിൽ നടക്കുന്ന അനീതികൾക്കും ദുഷ്പ്രവണതകൾക്കും എതിരെ ബോധവൽക്കരണത്തിന് കുട്ടികളെ തയ്യാറാക്കുന്നതിൽ അധ്യാപകരും അമ്മമാരും നല്ല പങ്കു വഹിക്കുന്നു.

# വികസനപ്രവർത്തനം മുൻഗണനാക്രമം അനുസരിച്ച്

ഭൗതികം

1. Construction of New school building.
2. Construction of play ground.
3. Compound wall complete ചെയ്യൽ
4. Reading room / School Library.
5. School beautification.
6. Construction of Echo park.

അക്കാദമികം.

1. പിന്നാക്കക്കാർക്ക് വായന, ഗണിതക്രിയകൾ, ലേഖനം ഇവയിൽ പരിശീലനം നൽകുക, module തയ്യാറാക്കൽ.
2. ഒന്നാം ക്ലാസ് ഒന്നാംതരം.
3. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി കൂടുതൽ വിപുലമാക്കൽ.
4. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നു
5. Spoken English - ന് പരമാവധി പ്രാധാന്യം നൽകുന്നു
6. IT ഉപയോഗിച്ചുള്ള പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു
7. വിവിധ മേഖലകളിൽ കഴിവുതെളിയിച്ചവരുടെ സഹായത്തോടെ സ്കൂളിനുവേണ്ടി ലാബ് രൂപീകരിക്കുന്നു.
8. ഗണിതലാബ്, ശാസ്ത്രലാബ് മെച്ചപ്പെടുത്തൽ.

9. കലാകായിക പ്രവർത്തനങ്ങളുടെ മികച്ച പരിശീലനം.
10. സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ.

സാമൂഹികം.

* കോർണർ P.T.A
* ബോധവൽക്കരണ ക്ലാസുകൾ
* കൗൺസിലിംഗ്
* അമ്മമാർക്കും ലൈബ്രറിയിൽ അംഗത്വം.

# മലയാളത്തിളക്കം

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്താനും വായിക്കാനും പഠിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ അധികപരിശീലനം നൽകുന്നതിന്റെ ഭാഗമായി എല്ലാ ദിവസവും പ്രത്യേകപരിശീലനം നൽകും. അക്ഷരങ്ങൾ എഴുതുവാൻ കൂടുതൽ താൽപര്യങ്ങൾ ഉണ്ടാകുന്നതിനായി വായുവിലും മേശയിലും മണലിലും വിരലുകൾ കൊണ്ട് എഴുതിക്കുന്നു. അക്ഷരങ്ങളിലൂടെ ഉചിതമായ അക്ഷരങ്ങൾ ചേർത്തുവച്ച് വാക്കുകൾ നിർമ്മിക്കും. അക്ഷരങ്ങൾക്ക് നിറം നൽകൽ, മണൽ, മഞ്ചാടി, വിത്തുകൾ ഇവ ഉപയോഗിച്ച് അക്ഷരക്കാർഡുകൾ നിർമ്മിക്കുന്നു. പത്രത്താളുകളിൽ നിന്ന് അക്ഷരങ്ങളും വാക്കുകളും കണ്ടെത്തി വായിക്കുന്നു. തലക്കെട്ടുകൾ വായിപ്പിക്കുന്നു. അവരുടെ നിലവാരത്തിന് യോജിച്ച ലൈബ്രറി പുസ്തകങ്ങൾ വായിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യും. work sheet കൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ചെയ്യിക്കും.

# Hello - English

English പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകി കുട്ടികൾക്ക് ഇംഗ്ലീഷ് നന്നായി സംസാരിക്കുവാനും എഴുതുവാനും വായിക്കുന്നതിനും പരിശീലനം നൽകുന്ന ഒരു പരിപാടിയാണ് Hello - English Program. ICT സാധ്യതാ പരമാവധി പ്രയോജനപ്പെടുത്തി English Conversation കേൾക്കുന്നതിന് അവസരം ഒരുക്കി അവ സ്വായത്തമാക്കുന്നതിനുവേണ്ട പരിശീലനം നൽകുന്നു. ദിവസവും 5 വാക്കുകൾ കണ്ടെത്തി അവ ഹൃദിസ്ഥമാക്കുവാൻ സഹായിക്കുക, സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ലളിതമായ വാക്യങ്ങൾ പരിശീലിപ്പിക്കുന്നു.

English action songs - role play, story reading തുടങ്ങിയവയ്ക്ക് ലഭ്യമാകുന്ന സമയം പ്രയോജനപ്പെടുത്തും. English grammer ലളിതമായി പരിശീലിപ്പിക്കുന്നു. മുന്നോക്കം നിൽക്കുന്ന കുട്ടികളെക്കൊണ്ട് പിന്നോക്കക്കാരെ പഠനത്തിന് സഹായിക്കുന്നു.

ഇതിനാവശ്യ worksheet അധ്യാപകർ മുൻകൂട്ടി തയ്യാറാക്കുന്നു. അധ്യാപകരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ Hello - English Program - വിജയത്തിൽ എത്തിക്കുന്നു.

# ശ്രദ്ധ പദ്ധതി

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും കണ്ടെത്തി അവരെക്കൂടി മുന്നോക്കത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ശ്രദ്ധ. Pre-test നടത്തി ഓരോ ക്ലാസിലെയും പിന്നോക്കക്കാരെ കണ്ടെത്തുന്നു. തുടർന്ന് ഓരോ വിഷയത്തിനും അതാത് വിഷയം പഠിപ്പിക്കുന്ന അധ്യാപകരുടെയും മറ്റ് അധ്യാപകരുടെയും സഹായത്താൽ ദിവസവും 1 മണിക്കൂർ ഈ കുട്ടികളുടെ പഠനനില പരിശോധിക്കുവാനും നിർണ്ണയിക്കുകയും പഠനനിലവാരം ഉയർത്താൻ വേണ്ട പരിശീലനം നൽകുകയും ചെയ്യുന്നു. ഓരോ മാസത്തിലും കുട്ടികളുടെ പഠനനില പരിശോധിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിനുവേണ്ടി ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേകം worksheet കൾ തയ്യാറാക്കി ഈ കുട്ടികൾക്ക് നൽകുന്നു. SRG യിൽ ഈ കുട്ടികളുടെ പഠനനിലവാര പുരോഗതി ചർച്ച ചെയ്യുകയും ചെയ്യുന്നു.

# മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ |
|---|---|---|---|
| സമൂഹത്തെ സ്കൂളുമായി അടുപ്പിക്കുന്നു. | * കോർണർ P.T.A | * ഓരോ ടേമിലും 1 പ്രാവശ്യം. | H.M, Teachers. |
| | * അമ്മയ്ക്കും വായിക്കാം. | * 1 വർഷം | class teacher |
| | * Family quiz മത്സരങ്ങൾ | ഒക്ടോബർ | Teachers. |
| | * കൗൺസിലിംഗ് & ബോധവൽക്കരണ ക്ലാസ്. | 1 വർഷത്തിൽ 2 പ്രാവശ്യം | H.M. |
| | * രക്ഷിതാക്കൾക്കും കലാകായിക മത്സരങ്ങൾ. | ജനുവരി | sports club. |
| | * പാഠ്യേതര പ്രവർത്തനങ്ങളിൽ മാതാപിതാക്കളുടെ പങ്കാളിത്തം | 1 വർഷം | H.M |
| | * കുട്ടികളുടെ ഭവനം സന്ദർശിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം. | All teachers. |

മേഖല - അക്കാദമികം ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | പ്രീ-ടെസ്റ്റ് നടത്തൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| | അക്ഷരങ്ങൾ ഉറപ്പിക്കൽ | ജൂലൈ | | |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ | | | |
| | അക്ഷരകാർഡ് നൽകൽ | ആഗസ്റ്റ് | മലയാളത്തിലുള്ള പരിശീലനം ലഭിച്ച ടീച്ചർ | |
| | വാക്കുകളുടെ നിർമ്മാണം | | | |
| | വാക്യങ്ങൾ നിർമ്മിക്കൽ | സെപ്തംബർ | | |
| | ചിത്രവായന | | | |
| | (ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നു) | | | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | ചുമതല |
|---|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരാക്കുക. | * ക്ലാസ് വായനക്കൂട്ടം<br>* വായനക്കുറിപ്പ്<br>* ക്ലാസ് ലൈബ്രറി രൂപീകരണം.<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* പത്രവായന<br>* പുസ്തകചർച്ച<br>* വായനാക്കുറിപ്പ് തയ്യാറാക്കൽ<br>* ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും,<br>* വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ<br>* വായനാമത്സരങ്ങൾ<br>* അസംബ്ലിയിൽ പത്രവാർത്ത വായിക്കൽ | 1 വർഷം | ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | ക്ലാസ് ടീച്ചർ<br>P.T.A |

## മേഖല: അക്കാദമികം          ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി വർദ്ധിപ്പിക്കുക. | * കുട്ടികൾ ഇപ്പോൾ ഏത് അവസ്ഥയിൽ ആണെന്നറിയാൻ pre-test നടത്തുന്നു. Test result വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തി പോരായ്മ പരിഹരിക്കുന്ന പ്രവർത്തനം നൽകുന്നു | ജൂൺ - ജൂലൈ | English teacher | SSA<br>PTA |
| | * പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ. | ജൂലൈ | SRG<br>English teacher<br>Headmaster. | " |
| | * Hello - English program. | ആഴ്ചയിൽ രണ്ടു ദിവസം | All teachers. | " |
| | * English -cultural activity | മാസത്തിൽ 1 ദിവസം | class teacher | " |
| | * English Library books reading | ആഴ്ചയിൽ 2 ദിവസം | All teachers. | SSA<br>PTA |